"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് ആഫീസിലെ അക്കൗണ്ടന്റ് (മരണപ്പെട്ട) സജീവൻ പി.കെ യുടെ ചികിത്സയ്ക്ക് തലശ്ശേരി സഹകരണ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1755/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/09/2021

പരാമർശം:-
1. 11.07.2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. ശ്രീമതി. ഷജീന കെ.എം ന്റെ 09.09.2020 ലെ അപേക്ഷയും ബില്ലുകളും.
3. പഞ്ചായത്ത് ഡയറക്ടറുടെ 01.10.2019-ലെ PAN/7811/2020-F2(DP) നമ്പർ കത്ത്.
4. ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ 14.08.1986 ലെ G.O(P)

No.164/86/H&FWD നമ്പർ ഉത്തരവ്

ഉത്തരവ്

കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് ആഫീസിലെ അക്കൗണ്ടന്റ് (മരണപ്പെട്ട) സജീവൻ പി.കെ യുടെ ചികിത്സയ്ക്ക് തലശ്ശേരി സഹകരണ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പ്രത്യേക അനുമതിക്കായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2. പരേതനായ സജീവൻ പി.കെ യുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് അപേക്ഷ പരിശോധിച്ചതിൽ അപേക്ഷ സമർപ്പിക്കുവാൻ 10 മാസവും 8 ദിവസത്തിന്റെയും കാലതാമസമാണ് വരുത്തിയിരിക്കുന്നത്. എന്നാൽ പ്രസ്തുത മെഡിക്കൽ റീ ഇംപേഴ്സ്മെന്റിനായുള്ള അപേക്ഷ അവസാന ബില്ല് തീയതി മുതൽ 6 മാസത്തിനകം സമർപ്പിക്കേണ്ടതായിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ഗ്രാമ

പഞ്ചായത്ത് ആഫീസിലെ അക്കൗണ്ടന്റ് (മരണപ്പെട്ട) സജീവൻ പി.കെ യുടെ ചികിത്സയ്ക്ക് തലശ്ശേരി സഹകരണ ആശുപത്രിയിൽ ചെലവായ തുക പരാമർശം (3)പ്രകാരം പ്രതിപൂരണം ചെയ്ത് നൽകുന്നതിനായി ടിയാൾ അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
സെക്രട്ടറി, മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.
ശ്രീമതി. കെ.എം.ഷജിന,ജാനകി നിവാസ്,ഇരിവേരി (പി.ഒ) കണ്ണൂർ ജില്ല-670 613
ആരോഗ്യകുടുംബക്ഷേമ വകുപ്പ് (16.07.2021-ലെ ജി2/447/2021/ആ.കു.വ പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(No.166/EPA3/2021/LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ